(ബി) കെ. എസ്. രാജു, ബിജു സൈമൺ എന്നിവർക്കെതിരെ ഐ.പി.സി. 332, 34 വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പരാതി ലഭിച്ചിട്ടില്ല.

(ഡി & ഇ) ഈ സംഭവുമായി ബന്ധപ്പെട്ട മണിടി പഞ്ചായത്ത് മെമ്പർ ഗോപി വാദിയായി ഡോ. നന്ദകുമാറിനെതിരെ ഐ.പി.സി. 341, 323, 294 (ബി) വകുപ്പുകൾ പ്രകാരം ഒരു കേസും ക്രൈം (43/2000). ഡോ. നന്ദകുമാർ വാദിയായി കെ.എസ്.രാജു, ജിജു സൈമൺ എന്നിവർക്കെതിരെ ഐ.പി.സി. 323, 34 പ്രകാരം മറ്റൊരു കേസും (44/2000) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഗൗരിക്കൊലക്കേസ് പ്രതികളെ പടികൂടാൻ നടപടി

100 (3290) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീതത്തോട് വാലുപാറ പാറച്ചരുവിൽ ഗൗരികൊല ചെയ്യപ്പെട്ടത് എന്നാണ് എന്നറിയിക്കുമോ ;

(ബി) ഈ കൊലക്കേസ് ഇപ്പോൾ ആരാണ് അന്വേഷിക്കുന്നത് ;

(സി) അന്വേഷണത്തിന്റെ പുരോഗതി വിശദീകരിക്കാമോ ;

(ഡി) അന്വേഷണം ത്വരിതപ്പെടുത്തി പ്രതികളെ പിടികൂടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 13-1-1999-ാം തീയ്തി

(ബി) കോട്ടയം, ക്രൈം ബ്രാഞ്ച് ഡിറ്റക്ടീവ് ഇൻസ്പെക്ടർ ശ്രീ. സി. എം. പത്രോസ്

(സി & ഡി) നാളിതുവരെ അമ്പതോളം സാക്ഷികളെ കണ്ട് ചോദിച്ചിട്ടുണ്ട്. പ്രതികളെ കണ്ടുപിടിക്കുന്നതിന് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

ഉള്ളൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് നടത്തുന്ന സമാന്തര സർവ്വീസ് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

101 (3291) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ഉള്ളൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് അനധികൃതമായി സമാന്തര സർവ്വീസ് നടത്തുന്ന ടെമ്പോ-ട്രക്കർ എന്നിവയുടെ പ്രവർത്തനങ്ങൾ മൂലം കാൽനടക്കാരും ബസ് യാത്രക്കാരും ഇരുചക്രവാഹന ഉടമയും നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവയുടെ അനധികൃത സർവ്വീസുമൂലം വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly